**കേരള സർക്കാർ**

സംഗ്രഹം

ത.സ്വ.ഭ.വ. - ഷൊർണ്ണൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ .പി.കെ.ശശി എംഎൽഎ -യുടെ ആസ്തിവികസന പദ്ധതി- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ. 1628/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 18.05.2017

---

പരാമർശം - (1) 11.06.2012-ലെ സ.ഉ.(പി) നം.332/2012/ധന. നമ്പർ സർക്കാർ ഉത്തരവ്.

(2) ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിക്ക് ശ്രീ .പി.കെ.ശശി എംഎൽഎ നൽകിയ 17.12.2016 തീയതിയിലെ കത്ത്.

(3) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 29.03.2017-ലെ ഡിബി3/14114/2016/സിഇ/തസ്വഭവ (2) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഷൊർണ്ണൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ .പി.കെ.ശശി എംഎൽഎ., "അപ്പപടി - പെരുവകടവ് റോഡ് (ചെർപ്പുളശ്ശേരി നഗരസഭ)", "കാവുവട്ടം-അറേകാവ് റോഡ് (ചെർപ്പുളശ്ശേരി നഗരസഭ)" എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. പരാമർശം 3 പ്രകാരം, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പ്രസ്തുത പ്രവൃത്തികളുടെ ഡി.പി.ആർ. സമർപ്പിക്കുകയുണ്ടായി.

3. നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഷൊർണൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.പി.കെ.ശശി എം.എൽ.എ.യുടെ ആസ്തിവികസന പദ്ധതിയിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന 2 പ്രവൃത്തികൾക്കായി ആകെ അടങ്കൽ തുകയായ 75 ലക്ഷം രൂപ, വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും സൂചനയിലെ സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണെന്നും, ലംപ് സം ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുകയുടെ ചെലവ് യഥാർത്ഥ ചെലവുകളുമായി പൊരുത്തപ്പെടേണ്ടതും നിലവിലുള്ള നിയമങ്ങൾക്കുവിധേയമായും ആകേണ്ടതാണ് എന്ന നിബന്ധനയോടു കൂടിയും ഭരണാനുമതി നൽകി ഉത്തരവാകുന്നു.

| നമ്പർ | പ്രോജക്റ്റ് നമ്പർ | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക |
|---|---|---|---|
| 1 | 1943 | അപ്പപടി - പൊരുവകടവ് റോഡ് (ചെർപ്പുളശ്ശേരി നഗരസഭ) | 25 ലക്ഷം രൂപ |
| 2 | 1942 | കാവുവട്ടം - അറേകാവ് റോഡ് (ചെർപ്പുളശ്ശേരി നഗരസഭ) | 50 ലക്ഷം രൂപ |
| | | ആകെ | 75 ലക്ഷം രൂപ |

4. ആയതു സംബന്ധിച്ച ചെലവ് '**4515-00-800-96**- പ്രോജക്റ്റ്സ് അണ്ടർ എൽ.എ.സി-എ.ഡി.എസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.പി.വിജയകുമാർ,
സ്പെഷ്യൽ സെക്രട്ടറി.

ശ്രീ .പി.കെ.ശശി എംഎൽഎ, ഷൊർണ്ണൂർ നിയോജകമണ്ഡലം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, ചെർപ്പുളശ്ശേരി നഗരസഭ .
ധനകാര്യ വകുപ്പ് (766/എൻ.സി.സി2/2016/ധന).
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഓഫീസ് കോപ്പി / കരുതൽ ഫയൽ
പകർപ്പ് - തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.